പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4744. 26.10.2016 ന് മറുപടിയ്ക്ക്

കഞ്ചാവുമായി ബന്ധപ്പെട്ട നിയമഭേദഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ചുള്ള കഞ്ചാവ് മാഫിയയുടെ വളർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കഞ്ചാവ് കെട്ടുകളുമായി പിടിയിലാവുന്ന വിൽപ്പനക്കാർ ഒരു കിലോയിൽ താഴെ കഞ്ചാവ് മാത്രമേ കൈവശം വെച്ചിട്ടുള്ളൂ എന്ന കാരണത്താൽ കോടതിയിൽ എത്തുമ്പോൾ ജാമ്യം ലഭിച്ച് രക്ഷപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമത്തിൽ ഏത് വകുപ്പിലാണ് ഇത്തരത്തിൽ ഒരു കിലോയിൽ താഴെയുള്ള കഞ്ചാവ് മാത്രമേ കൈവശമുള്ളൂ വെങ്കിൽ ജാമ്യം നൽകാം എന്ന് അനുശാസിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 1985-ലെ എൻ.ഡി.പി. എസ്. നിയമം 20(b), (ii) (A) വകുപ്പ് പ്രകാരം ഒരു കിലോയിൽ താഴെ മാത്രം കഞ്ചാവ് കൈവശം വെച്ച് കൈകാര്യം ചെയ്ത കുറ്റത്തിന് അറസ്റ്റ് ചെയ്യുന്ന പ്രതികൾക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷ 6 മാസം വരെ കഠിന തടവോ , പതിനായിരം രൂപ വരെ പിഴയോ, രണ്ടും കൂടിയോ ആണ്. 1973-ലെ ക്രിമിനൽ നടപടിക്രമം പ്രകാരം ഒന്നാം ഷെഡ്യൂളിലോ എൻ.ഡി.പി.എസ് നിയമത്തിലോ ജാമ്യം നൽകാൻ കഴിയാത്ത വകുപ്പായി പരാമർശിക്കാത്തതിനാലും പരമാവധി തടവുശിക്ഷ 3 വർഷത്തിൽ താഴെ ആയതിനാലുമാണ് പ്രസ്തുത വകുപ്പ് പ്രകാരമുള്ള കുറ്റത്തിന് നിലവിൽ ജാമ്യം നൽകി വരുന്നത്. |
| (സി) | കഴിഞ്ഞ ഒരു വർഷത്തിനിടെ ഇത്തരത്തിൽ എത്ര പേർക്ക് ജാമ്യം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത എൻ.ഡി.പി. എസ് കേസുകളിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ 1934 പ്രതികൾക്ക് ഇത്തരത്തിൽ ജാമ്യം ലഭിച്ചിട്ടുണ്ട്. |
| (ഡി) | കേരളത്തിൽ കഞ്ചാവ് മാഫിയയുടെ പ്രവർത്തനം ശക്തിപ്പെട്ടു വരുന്ന | (ഡി) | കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ വിപണനം ചെയ്യുന്നവർക്കെതിരായി കേന്ദ്ര നിയമമായ |

| | | | |
|---|---|---|---|
| | സാഹചര്യത്തിൽ നിയമത്തിലെ ഇത്തരം പഴുതുകൾ അടച്ച് കഞ്ചാവ് കൈവശം വെയ്ക്കുന്ന ഏതൊരു വ്യക്തിക്കും ജാമ്യം ലഭിക്കാതിരിക്കത്തക്ക വിധത്തിൽ നിയമം ഭേദഗതി ചെയ്യുവാൻ എന്തെങ്കിലും നീക്കം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ സമൂഹത്തിന്റെ നന്മയെ കരുതി ഇത്തരത്തിൽ നിയമം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ? | | എൻ.ഡി.പി.എസ് ആക്ട് , 1985 പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. നിലവിലെ എൻ.ഡി.പി.എസ് നിയമപ്രകാരം ഒരു കിലോയിൽ താഴെ മാത്രം കഞ്ചാവ് കൈവശം വെച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികളെ കോടതിയിൽ ഹാജരാക്കുമ്പോൾ തന്നെ ജാമ്യം കിട്ടുന്ന നിയമ വ്യവസ്ഥയാണുള്ളത്. ഇത്തരം പ്രതികൾക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷ 6 മാസം വരെ കഠിന തടവോ, പതിനായിരം രൂപ വരെ പിഴയോ, രണ്ടും കൂടിയോ ആണ്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ടി ശിക്ഷ തുലോം കുറവായതിനാൽ കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ കേന്ദ്ര നിയമമായ എൻ.ഡി. പി.എസ് ആക്ട്, 1985-ൽ കാലോചിതമായ ചില നിർണ്ണായക ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരി ലേക്ക് സംസ്ഥാന സർക്കാർ ശുപാർശ സമർപ്പി ച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**